**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ നിശ്ചിത എണ്ണം സ്ത്രീകൾക്കും, പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും വേണ്ടി സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 300/2015/തസ്വഭവ തിരുവനന്തപുരം, തീയതി 26/09/2015.**

================================================================

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 19.09.2015-ലെ ജെ3/13000/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് 3 (എ), ബി)(i), (ii) ഉപവകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ നിശ്ചിത എണ്ണം വനിതകൾക്കും പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. 2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിന്റെ ആവശ്യത്തിനായി പ്രസ്തുത സ്ഥാനങ്ങൾ സംവരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതു സംബന്ധിച്ച ശുപാർശ പഞ്ചായത്ത് ഡയറക്ടർ, പരാമർശം പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

2) 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 153(3)(എ); 153(ബി)(i), (ii) എന്നീ വകുപ്പുകൾ പ്രകാരം 2015-ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം നിലവിൽവരുന്ന ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, താഴെപ്പറയുംവിധം സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ | പ്രസിഡന്റ് സ്ഥാനങ്ങളുടെ ആകെ എണ്ണം | പൊതു വിഭാഗം | വനിതാ സംവരണം | | പട്ടികജാതി സംവരണം | | | പട്ടികവർഗ്ഗ സംവരണം | | |
|---|---|---|---|---|---|---|---|---|---|---|
| | | | ആകെ | പൊതു വിഭാഗം (ജനറൽ) | ആകെ | പട്ടിക ജാതി | പട്ടിക ജാതി വനിത | ആകെ | പട്ടിക വർഗ്ഗം | പട്ടിക വർഗ്ഗം വനിത |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ഗ്രാമ പഞ്ചായത്ത് | 941 | 416 | 471 | 417 | 92 | 46 | 46 | 16 | 8 | 8 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 68 | 76 | 67 | 15 | 7 | 8 | 3 | 1 | 2 |
| ജില്ലാ പഞ്ചായത്ത് | 14 | 6 | 7 | 7 | 1 | 1 | - | - | - | - |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**,
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ